I/64265/2024

**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ജഗതി ,തിരുവനന്തപുരം - 695014.
jdacad@gmail.com, ഫോൺ: 0471-2580738

നം.HSE/9588/2024-Acd Spl2 തീയതി: 31-05-2024

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - അധ്യാപക പരിശീലനം - സംബന്ധിച്ച്.

സൂചന 29/05/2024 തീയ്യതി ലെ SCERT ഡയറക്ടറുടെ SCERT/107/2024-CLP2 നമ്പർ കത്ത്

30/05/2024 തീയ്യതി ലെ SSK സ്റ്റേറ്റ് പ്രൊജക്ക്റ്റ് ഡയറക്ടറുടെ P3/4000/2024/SSK നമ്പർ കത്ത്.

നിരവധി വർഷങ്ങൾക്കു ശേഷം ഹയർസെക്കൻഡറിയിലെ മുഴുവൻ അധ്യാപകർക്കും അധ്യയനവർഷത്തിന്റെ തുടക്കത്തിൽ തന്നെ സമഗ്രമായ അധ്യാപക പരിശീലനം നൽകുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ആയതിൻപ്രകാരം അക്കാദമിക്ക് ചുമതല SCERTയും നടത്തിപ്പ് ചുമതലയുള്ള SSKയും സൂചന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ നടക്കുന്ന അധ്യാപക പരിശീലനത്തിന്റെ സംഘാടന ചുമതല സമഗ്രശിക്ഷ കേരളക്കാണ് നൽകിയിട്ടുള്ളത്. ജൂൺ അഞ്ചാം തീയതിമുതൽ പ്ലസ് വൺ അഡ്മിഷൻ അലോട്ട്മെൻറ് ആരംഭിക്കുന്നതിനാലും ജൂൺ പന്ത്രണ്ടാം തീയതി SAY പരീക്ഷ ആരംഭിക്കുന്നതിനാലും ഒരേ ആർ പി മാർ തന്നെ മറ്റു ജില്ലകളിൽ പരിശീലനത്തിന് നേതൃത്വം കൊടുക്കേണ്ട സാഹചര്യം ഉള്ളതിനാലും പ്രായോഗികമായി ഉണ്ടാകാവുന്ന പരിമിതികൾ

കണക്കിലെടുത്തുകൊണ്ട് അധ്യാപക പരിശീലനത്തിൽ പ്രത്യേകമായി ചില ക്രമീകരണങ്ങൾ ആവശ്യമാണെന്ന് കാണുന്നു. അത് പ്രകാരം കമ്പ്യൂട്ടർസയൻസ്, മലയാളം, ഹിന്ദി വിഷയങ്ങളിലെ അധ്യാപക പരിശീലനത്തിന് ഒന്നാംവർഷ ഹയർ സെക്കൻഡറി ക്ലാസുകൾ തുടങ്ങിയതിനുശേഷം പുതിയ ക്രമീകരണം ആവശ്യമാണ്. (പ്ലസ് വൺ ക്ലാസ്സ് തുടങ്ങിയതിനു ശേഷം ഈ വിഷയങ്ങളുടെ പരിശീലനത്തിനുള്ള സമയക്രമം നിശ്ചയിക്കുന്നതാണ്). മറ്റുവിഷയങ്ങളിലെ അധ്യാപക പരിശീലനം ജൂൺ 5,6,7,10 എന്നീ തീയതികളിൽ (ഇംഗ്ലീഷ്, കോമേഴ്സ്, ബോട്ടണി, ഹിസ്റ്ററി, സോഷ്യോളജി, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾ) ആദ്യസ്പെൽ ആയും ജൂൺ 12,13,14,15 തിയ്യതികളിൽ (ഫിസിക്സ്, സുവോളജി, പൊളിറ്റിക്കൽ സയൻസ്, ഇംഗ്ലീഷ്, ഇക്കണോമിക്സ് വിഷയങ്ങൾ) രണ്ടാം സ്പെൽ ആയും 19,20,21,22 തീയതികളിൽ (ഇംഗ്ലീഷ്, കെമിസ്ട്രി, സോഷ്യോളജി, ഹിസ്റ്ററി, കൊമേഴ്സ്, മാത്തമാറ്റിക്സ്) മൂന്നാം സ്പെൽ ആയും ക്രമീകരിക്കാനാണ് ധാരണയായിട്ടുള്ളത്. അത് പ്രകാരം സമഗ്രശിക്ഷാ കേരളയുടെ ജില്ലാ ഓഫീസുകൾ ക്രമീകരിക്കുന്ന രീതിയിൽ അതാത് വിഷയങ്ങളിലെ VHSE നോൺ വൊക്കേഷണൽ അദ്ധ്യാപകർ ഉൾപ്പെടെ അധ്യാപകരെല്ലാം പരിശീലന പരിപാടികളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആർ.ഡി.ഡി.മാരും VHSE എ.ഡി.മാരും പ്രിൻസിപ്പൽമാരും ഇനി പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- അഡ്മിഷൻ നടപടികൾ കൃത്യമായി നടക്കുന്നതിന് സ്കൂളുകളിൽ ലഭ്യമായ അധ്യാപകർക്ക് ചുമതലകൾ വീതിച്ചു നൽകേണ്ടതാണ്.
- അധ്യാപക പരിശീലനം ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മോണിറ്ററിങ് നടത്തുന്നതിനും ആർ ഡി ഡി മാരും എ ഡി മാരും ജില്ലാ കോഡിനേറ്റർമാരും എസ് എസ് കെ ഡി പി സി മാരും വിദ്യാകിരണം കോഡിനേറ്റർമാരും ഐടി കോഡിനേറ്റർമാരും ചേർന്നുള്ള കൺവെർജൻസ് മീറ്റിങ്ങിന്റെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

- പരിശീലന ആവശ്യത്തിനായി സൗകര്യപ്രദമായ ഹാളുകളും ലാബുകളും വിട്ടുനൽകുന്നതിന് പ്രിൻസിപ്പാൾമാർക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.
- **SAY** പരീക്ഷ നടക്കുന്ന ദിവസങ്ങളിൽ ആദ്യ സ്പെല്ലിൽ പരിശീലനം പൂർത്തിയാക്കിയ അധ്യാപകരെയും പരിശീലനത്തിൽ പങ്കെടുക്കേണ്ടതില്ലാത്ത അധ്യാപകരെയും ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് **RDD**മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- **SAY** പരീക്ഷ നടക്കുന്ന സ്കൂളുകളിൽ കഴിയുന്നതും അധ്യാപക പരിശീലനം ഒഴിവാക്കേണ്ടതാണ്. എന്നാൽ വിപുലമായ സൗകര്യങ്ങളുള്ള സ്കൂളുകളിൽ പരീക്ഷയെ ബാധിക്കാത്ത തരത്തിൽ പരിശീലനം നടത്തുന്നതിന് സൗകര്യമുണ്ടെന്ന് ആർ ഡി ഡി മാർക്കും ജില്ലാ കോഡിനേറ്റർമാർക്കും എസ് എസ് കെ ഡി പി സി മാർക്കും ബോധ്യപ്പെടുന്ന പക്ഷം അത്തരം സ്കൂളുകളും പരിശീലന കേന്ദ്രങ്ങളായി നിശ്ചയിക്കാവുന്നതും അവിടുത്തെ സൗകര്യങ്ങൾ വിട്ടുകൊടുക്കാൻ പ്രിൻസിപ്പൽമാർ തയ്യാറാകേണ്ടതുമാണ്.
- അഡ്മിഷൻ നടപടികൾ എച്ച്.ഐ.ടി.സി. മാരുടെ ചുമതലകൾ മറ്റ് അധ്യാപകർക്ക് കൂടെ പരിചയപ്പെടുത്തേണ്ടതും എച്ച്.ഐ.ടി.സി.മാർ അധ്യാപക പരിശീലനത്തിന് പോകുന്ന ഘട്ടത്തിൽ മറ്റ് അധ്യാപകരെ കൊണ്ട് അത് നിർവഹിക്കേണ്ടതുമാണ്.
- അഡ്മിഷൻ നടപടികൾ വീഴ്ച കൂടാതെ നിർവഹിക്കുന്നതിന് ലാബ് അസിസ്റ്റൻറ് മാർക്ക് ഉചിതമായ രീതിയിൽ ചുമതലകൾ നൽകാൻ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്.
- അധ്യാപക പരിശീലനം നടക്കുന്ന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർ പരിശീലനത്തിന് എത്തുന്ന അധ്യാപകരുടെ ഹാജർ നില പരിശോധിക്കേണ്ടതും എല്ലാ ദിവസവും രാവിലെ **10.30** ന് തന്നെ അതിന്റെ വിവരങ്ങൾ ആർ ഡി ഡി മാർക്ക് മെസ്സേജ് ആയി അയക്കേണ്ടതുമാണ്.
- **19**ന് തുടങ്ങുന്ന സ്പെല്ലിൽ ഒന്നും രണ്ടു സ്പെല്ലിൽ തീരാത്ത മറ്റ് വിഷയങ്ങൾ ഉണ്ടെങ്കിൽ പരീക്ഷയെയും അഡ്മിഷനെയും

ബാധിക്കാത്ത തരത്തിൽ നടത്തുന്നതിനും സൗകര്യം വിലയിരുത്തി ആർ ഡി ഡി, ജില്ലാ കോഡിനേറ്റർമാർ,SSK ഡിപിസി മാർ എന്നിവർ ചേർന്ന് അത് ജില്ലകളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തി പരിശീലനം നടത്തേണ്ടതുമാണ്.

- മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് വിധേയമായി എസ് എസ് കെ സംസ്ഥാന ജില്ലാ ഓഫീസുകളിൽ നിന്നും നൽകുന്ന സർക്കുലറുകൾ പ്രകാരം അധ്യാപക പരിശീലനം ക്രമീകരിക്കേണ്ടതാണ്.
- RP മാരെ വിവിധ ജില്ലകളിൽ ക്രമീകരിച്ച് നൽകാൻ SCERT റിസർച്ച് ഓഫീസർമാരും കോർ എസ്.ആർ.ജി.അംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്. SSKയുടെ ധനവിനിയോഗ മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ,ആയത് SSK യുടെ അറിവോടെയാണത് ചെയ്യേണ്ടത്.
- ആർ.ഡി മാരും ജില്ലാ കോഡിനേറ്റർമാരും വെക്കേഷണൽ എ ഡി മാരും എസ് എസ് കെ ഡി പി സി മാരും ഐടി ജില്ലാ കോഡിനേറ്റർമാരും വിദ്യാകിരണം ജില്ലാ കോഡിനേറ്റർമാരും പരിശീലനം നടക്കുന്ന സെന്ററിലെ പ്രിൻസിപ്പൽ മാരും പരസ്പരം ധാരണയോടെ അധ്യാപക പരിശീലനം ക്രമീകരിക്കുന്നതിനും വിജയകരമായി പൂർത്തിയാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 31-05-2024 17:28:38

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1. ഡയറക്ടർ SCERT.
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ SSK.